**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി അധ്യാപകരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് വന്നതിനുശേഷം നിലവിൽ എത്ര ഭിന്നശേഷി അധ്യാപകരെ നിയമിച്ചു; വ്യക്തമാക്കാമോ; | (എ) | ഭിന്നശേഷി അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് വന്നതിനുശേഷം ഇരുപത്തിയാറ് ഭിന്നശേഷി അധ്യാപകരെ നാളിതുവരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഉത്തരവ് നിലവിൽ വന്നതിന്റെ ഭാഗമായി നിയമനാംഗീകാരം കാത്തുനിന്ന മറ്റ് അധ്യാപകരുടെ നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ